# കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
**തിരുവനന്തപുരം**

## ഏഴാംതരം തുല്യതാപരീക്ഷ (17–ാം ബാച്ച്) 2024
**ചോദ്യപേപ്പർ**

# സാമൂഹ്യശാസ്ത്രം

**സമയം: 2 മണിക്കൂർ** **ആകെ മാർക്ക്: 100**

**പൊതുനിർദേശങ്ങൾ**

1. ആദ്യത്തെ 10 മിനിറ്റ് എല്ലാ ചോദ്യങ്ങളും നന്നായി വായിച്ച് മനസ്സിലാക്കുക.
2. ചോദ്യങ്ങളോടൊപ്പം നൽകിയിട്ടുള്ള നിർദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.
3. ഓരോ ചോദ്യത്തിന്റെയും തുടക്കത്തിൽ സ്കോർ രേഖപ്പെടുത്തിയത് ശ്രദ്ധിക്കുക.
4. ചോദ്യനമ്പർ തെറ്റാതെ ഉത്തരമെഴുതുക.
5. ഉത്തരങ്ങളെല്ലാം എഴുതിയശേഷം ഉത്തരക്കടലാസ് ക്രമത്തിൽ തുന്നിക്കെട്ടി ഒരിക്കൽകൂടി വായിച്ച് തെറ്റുകളുണ്ടെങ്കിൽ തിരുത്തുക.

---

**I ബ്രായ്ക്കറ്റിൽനിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** 5×1 = 5

1. 1857ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന് നാനാസാഹിബ് നേതൃത്വം നൽകിയ സ്ഥലം?
   (ഡൽഹി, കാൻപൂർ, ലക്നൗ, ഫൈസാബാദ്)
2. ‘ആത്മവിദ്യാസംഘം’ സ്ഥാപിച്ചതാര്?
   (ടി കെ മാധവൻ, കെ കേളപ്പൻ, ചട്ടമ്പിസ്വാമികൾ, വാഗ്ഭടാനന്ദൻ)
3. ‘ഡിവൈൻ കോമഡി’ എന്ന ഗ്രന്ഥം രചിച്ചതാര്?
   (ദാന്തെ, ബൊക്കാച്ചിയോ, ഇറാസ്മസ്, പെട്രാർക്ക്)
4. ചുവടെ തന്നിട്ടുള്ളതിൽ കിഴക്കോട്ട് ഒഴുകാത്ത നദിയേത്?
   (കബനി, പെരിയാർ, ഭവാനി, പാമ്പാർ)
5. സംഘാടനത്തിന് നൽകുന്ന പ്രതിഫലം?
   (ലാഭം, പലിശ, വേതനം, പാട്ടം)

**II ചേരുംപടി ചേർത്തെഴുതുക.** 5×2 = 10

| | എ | ബി |
|---|---|---|
| 6. | കുറിഞ്ചി | വയൽ |
| 7. | മുല്ലൈ | തീരപ്രദേശം |
| 8. | പാലൈ | മലകൾ |
| 9. | മരുതം | വരണ്ടപ്രദേശം |
| 10. | നെയ്തൽ | പുൽമേട് |

**III ചുവടെ തന്നിരിക്കുന്നതിൽ ശരിയായ പ്രസ്താവന മാത്രം എടുത്തെഴുതുക.** 5×2 = 10

11. മനുഷ്യസമൂഹത്തെപ്പറ്റിയുള്ള ശാസ്ത്രീയപഠനമാണ് സമൂഹശാസ്ത്രം.
12. ജനാധിപത്യഭരണമാണ് സൗദിഅറേബ്യയിൽ നിലനിൽക്കുന്നത്.
13. വൈദ്യുതി ഉത്പാദനം തൃതീയമേഖലയിൽ ഉൾപ്പെടുന്നു.
14. വടക്കു-കിഴക്കൻ മൺസൂൺകാലം തുലാവർഷം എന്നറിയപ്പെടുന്നു.
15. ഭൂമിയെ ആവരണം ചെയ്ത് നിലനിൽക്കുന്ന വായുമണ്ഡലമാണ് അന്തരീക്ഷം.

16. ഇറ്റലിയിലാണ് വ്യാവസായികവിപ്ലവം ആരംഭിച്ചത്.
17. കൃഷ്ണഗാഥ രചിച്ചത് കുഞ്ചൻനമ്പ്യാർ ആയിരുന്നു.
18. ദാദാബായി നവറോജി മിതവാദി നേതാവ് ആയിരുന്നു.
19. കൃഷ്ണദേവരായർ പ്രബലനായ ചോളഭരണാധികാരിയായിരുന്നു.
20. ബംഗാളിലാണ് സന്താൾ കലാപം നടന്നത്.

IV **സംഭവങ്ങളും വർഷങ്ങളും ശരിയായ രീതിയിൽ യോജിപ്പിച്ചെഴുതി കാലഗണനപ്പട്ടിക തയ്യാറാക്കുക.** 5×2 = 10

| | |
|---|---|
| 21. ഉപ്പ് സത്യഗ്രഹം | 1917 |
| 22. തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശനവിളംബരം | 1942 |
| 23. ചമ്പാരൻ സത്യഗ്രഹം | 1453 |
| 24. ക്വിറ്റ്ഇന്ത്യാ സമരത്തിന്റെ ആരംഭം | 1936 |
| 25. തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ ആക്രമിച്ചു | 1930 |

V **ഏതെങ്കിലും അഞ്ചെണ്ണത്തിന് മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** 5×4 = 20

26. കുടുംബത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
27. ജനാധിപത്യവ്യവസ്ഥയുടെ ഘടകങ്ങളെ പട്ടികപ്പെടുത്തുക.
28. ഉൽപ്പാദനഘടകങ്ങൾ ഏതെല്ലാമാണ്?
29. ഇന്ത്യയിൽ അനുഭവപ്പെടുന്ന നാല് വ്യത്യസ്ത ഋതുക്കളുടെ പേരെഴുതുക.
30. സൗരവികിരണം, ഭൗമവികിരണം എന്നിവ വ്യക്തമാക്കുക.
31. നവോത്ഥാനത്തിന്റെ സവിശേഷതകൾ എഴുതുക.
32. മധ്യകാലഘട്ടത്തിൽ കേരളത്തിൽ നിലനിന്ന ഏതെങ്കിലും നാല് കലാരൂപങ്ങളെ പട്ടികപ്പെടുത്തുക.

VI **ഏതെങ്കിലും അഞ്ചെണ്ണത്തിന് അരപ്പേജിൽ കവിയാതെ ഉത്തരമെഴുതുക.** 5×6 = 30

33. ബ്രിട്ടീഷ് ചൂഷണം ഇന്ത്യയിലെ കർഷകരെയും ഗോത്രജനതയെയും ബാധിച്ചതെങ്ങനെയെന്ന് വിശദമാക്കുക.
34. ഋഗ്വേദകാലത്തിന്റെ സവിശേഷതകൾ വിശദമാക്കുക.
35. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഘടനയും ചുമതലകളും വിശദമാക്കുക.
36. സാമ്പത്തികപ്രവർത്തനങ്ങളുടെ മൂന്ന് മേഖലകൾ ഏതെല്ലാം? ഓരോന്നും വിശദമാക്കുക.
37. കേരളത്തിന്റെ ഭൂപ്രകൃതിയുടെ മൂന്ന് വിഭാഗങ്ങളായ മലനാട്, ഇടനാട്, തീരപ്രദേശം എന്നിവയുടെ സവിശേഷതകൾ വിശദമാക്കുക.
38. ജലദൗർലഭ്യത്തിന് കാരണമാകുന്ന മനുഷ്യപ്രവർത്തനങ്ങൾ എന്തെല്ലാം?
39. യൂറോപ്പിൽ നിലനിന്ന ഫ്യൂഡൽവ്യവസ്ഥയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

VII **ഒരെണ്ണത്തിനുമാത്രം ഒന്നരപ്പേജിൽ കവിയാതെ ഉത്തരമെഴുതുക.** 1×15 = 15

40. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിയൻ കാലഘട്ടത്തിന്റെ പ്രാധാന്യം വിശദമാക്കുക.

അല്ലെങ്കിൽ

കേരളത്തിലെ സാമൂഹ്യപരിഷ്കരണത്തിൽ ചുവടെ പറയുന്ന പരിഷ്കർത്താക്കളുടെ സംഭാവനകൾ വ്യക്തമാക്കുക.

- വക്കം അബ്ദുൽഖാദർ മൗലവി
- അയ്യൻകാളി
- കുര്യാക്കോസ് ഏലിയാസ് ചാവറ